## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: T 6431 31.10.2011 - ൽ മറുപടിക്ക്**

### വേരിയബിൾ ഡി.എ. പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി അബ്ദുസ്സമദ് സമദാനി | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്പിന്നിംഗ് മില്ലിലേയും മറ്റു വ്യാവസായിക സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് നൽകി വരുന്ന വേരിയബിൾ ഡി.എ.1993 അടിസ്ഥാന വർഷമുള്ള ജീവിത നില സൂചിക കണക്കാക്കിയാണ് ഇപ്പോഴും നൽകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കൈത്തറി വസ്ത്ര വകുപ്പുമായി ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് നൽകിവരുന്ന വേരിയബിൾ ഡി.എ 1998-99 അടിസ്ഥാനവർഷമുള്ള ജീവിത വിലസൂചിക കണക്കാക്കിയാണ്. |
| (ബി) പ്രസ്തുത ഡി.എ. പരിഷ്കരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | എക്കണോമിക്സ് & സ്റ്റാറ്റിക്സ് വകുപ്പാണ് കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നത്. ജീവിത സൂചിക പരിഷ്കരിച്ച് കഴിഞ്ഞാൽ വേരിയബിൾ ഡി.എ യും പരിഷ്കരിക്കപ്പെടുന്നതാണ്. |
| (സി) കൺസ്യൂമർ പ്രൈസ് ഇൻഡക്സ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റ് ശാസ്ത്രീയമായ സർവ്വേ നടത്തണമെന്ന വിവിധ യൂണിയനുകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ഡി) ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | എക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ് വകുപ്പാണ് സർവ്വേ നടത്തേണ്ടത്. |

സെക്ഷൻ ഓഫീസർ